KANNUR UNIVERSITY
കണ്ണൂർ സർവകലാശാല

(ഡി ഒ എ )

ഡി ഒ എ /A5/316/2026 (I)

തീയതി: 03.06.2026

<u>പ്രസിദ്ധീകരണത്തിന്</u>

**നീലേശ്വരം ക്യാമ്പസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ് ആൻഡ് ബിസിനസ് സ്റ്റഡീസിലെ എം.കോം (ലാറ്ററൽ എൻട്രി ) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു**

2026-27 അധ്യയന വർഷത്തിൽ, നീലേശ്വരം ഡോ. പി.കെ രാജൻ മെമ്മോറിയൽ ക്യാമ്പസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ ലാറ്ററൽ എൻട്രി ആയി എം.കോം പ്രോഗ്രാം പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

കണ്ണൂർ സർവകലാശാല അംഗീകരിച്ച ബി.കോം/ബി.ബി.എ ബിരുദമാണ് പ്രവേശന യോഗ്യത. നിലവിൽ ഒഴിവുകളുടെ എണ്ണം 15 ആണ് .

പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന അപേക്ഷകർ കണ്ണൂർ യൂണിവേഴ്സിറ്റി വെബ്സൈറ്റ് (www.admissions.kannuruniversity.ac.in) മുഖേന ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്.

പ്രസ്തുത പ്രോഗ്രാമിന്റെ പ്രവേശനത്തിന്റെ മറ്റ് വ്യവസ്ഥകൾ, 2026-27 അധ്യയന വർഷത്തിൽ പഠന വകുപ്പുകളിലെ വിവിധ പി.ജി പ്രോഗ്രാമുകളുടെ പ്രവേശനത്തിനായി ഇറക്കിയിട്ടുള്ള പ്രോസ്പെക്ടസ് അടിസ്ഥാനമാക്കിയും, പ്രോഗ്രാമിന്റെ റെഗുലേഷൻ പ്രകാരവുമായിരിക്കും.

ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് എസ്.സി./എസ്.ടി/PwBD വിഭാഗങ്ങൾക്ക് 300/- രൂപയും മറ്റ് വിഭാഗങ്ങൾക്ക് 600/-രൂപയുമാണ്.

SBI e-pay വഴി ഓൺലൈനായാണ് രജിസ്ട്രേഷൻ ഫീസ് അടക്കേണ്ടത്. ഡി.ഡി., ചെക്ക്, ചലാൻ തുടങ്ങിയവ സ്വീകരിക്കുന്നതല്ല.

**ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടും ഓൺലൈൻ പേയ്മെന്റിന്റെ പ്രിന്റ് ഔട്ടും, സൂക്ഷിക്കേണ്ടതും അഡ്മിഷൻ സമയത്ത് പഠനവകുപ്പിൽ സമർപ്പിക്കേണ്ടതുമാണ്.**

വെയ്റ്റേജ് / സംവരണാനുകൂല്യം ആവശ്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത വിവരങ്ങൾ ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്മിഷൻ സമയത്ത് രേഖകൾ ഹാജരാക്കിയാലും മേല്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

Press Release(Malayalam) of File DOA/A5/316/2026 Approved by Deputy Registrar (DOA) on 03-Jun-2026 02:50 PM - Page 1

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയ്യതി: **15.06.2026**

സംശയങ്ങൾക്ക് ഫോൺ /ഇ-മെയിൽ മുഖാന്തരം മാത്രം ബന്ധപ്പെടുക.

ഹെൽപ്പ് ലൈൻ നമ്പർ :+91 04972766388 ,7356948230

E -mail id:  deptdoa@kannuruniv.ac.in

ഒപ്പ്/-
Deputy Registrar (DOA)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1.പി.ആർ.ഒ (പത്രങ്ങളിലും തൊഴിൽ വാർത്ത, തൊഴിൽ വീഥി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനായി)
2.വെബ് മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3.അന്വേഷണ വിഭാഗം
4. ഐ.ടി സെന്റർ

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ

Press Release(Malayalam) of File DOA/A5/316/2026 Approved by Deputy Registrar (DOA) on 03-Jun-2026 02:50 PM - Page 2